മാർക്കറ്റ്

| | | |
|---|---|---|
| 196.62 ↑ | സെൻസെക്സ് | 35457.16 |
| 65.5 ↑ | നിഫ്റ്റി | 10682.20 |

സ്വർണം

| | |
|---|---|
| പവൻ (8ഗ്രാം) | 23,120 |
| ഒരു ഗ്രാം | 2980 |

www.keralakaumudi.com www.facebook.com/keralakaumudi

# ശബരിമല വിപണി ഉണർവില്ലാതെ

## ■ പൂജാ സാധനങ്ങളുടെ വില്പനയിൽ കനത്ത ഇടിവ്

▸ രാഹുൽ ചന്ദ്രശേഖർ

കോട്ടയം: യുവതീ പ്രവേശനത്തെച്ചൊല്ലി ശബരിമല സംഘർഷ ഭരിതമായതോടെ, മണ്ഡലകാല വിപണിയിൽ അനക്കമില്ലാതായി. മാല, പൂജാ ദ്രവ്യങ്ങൾ, ഇരുമുടി സാധനങ്ങൾ തുടങ്ങിയവയ്ക്ക് കഴിഞ്ഞ തവണത്തേതിന്റെ പത്ത് ശതമാനം പോലും ഡിമാൻഡില്ല. ഭയപ്പാട് മൂലം ശബരിമലയ്ക്ക് പോകാൻ ആളുകൾ മടിക്കുന്നതാണ് കച്ചവടത്തെ ബാധിച്ചത്.

തുലാമാസത്തിന് രണ്ടാഴ്ചമുന്നേ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ ചില്ലറക്കച്ചവടക്കാർ സാധനങ്ങൾ കൊണ്ടുപോകുന്നതാണ് പതിവ്. കോട്ടയം, ഇടുക്കി,ആലപ്പുഴ ജില്ലകളിലെ ചെറുകിട കടകളിലേക്ക് പൂജാ സാധനങ്ങൾ എത്തിക്കുന്നത് ചങ്ങനാശേരിയിലെയും കോട്ടയത്തെയും മൊത്തക്കച്ചവടക്കാരാണ്. ഇവർക്ക് മാത്രം കച്ചവടത്തിൽ രണ്ട് കോടിയോളം രൂപയുടെ കുറവുണ്ടായി. തുലാമാസ പൂജാസമയങ്ങളിലുണ്ടായ സംഘർഷവും ചിത്തിര ആട്ട വിശേഷത്തിന് നടതുറന്നപ്പോഴുള്ള പ്രശ്നങ്ങളും വില്പനയെ തളർത്തി.

റിവ്യൂ ഹർജിയിൽ സുപ്രീം കോടതിയുടെ തീരുമാനമുണ്ടായതിന് ശേഷം സാധനങ്ങൾ എടുത്താൽ മതിയെന്നായിരുന്നു ചെറുകിട വ്യാപാരികളുടെ തീരുമാനം. എന്നാൽ, തീരുമാനം കോടതി മണ്ഡലകാലം അവസാനിച്ച ശേഷം പരിഗണിക്കാൻ മാറ്റിയതോടെ, ഇക്കുറി സാധനങ്ങൾ എടുത്തിട്ട് കാര്യമില്ലെന്ന് ചെറുകിട കച്ചവടക്കാർ പറയുന്നു.



### കച്ചവടം പത്തു ശതമാനത്തിലും താഴെ

"മണ്ഡലകാല സീസണിന് മുന്നോടിയായി നടക്കേണ്ടതിന്റെ പത്ത് ശതമാനം കച്ചവടം പോലും ഇക്കുറി ഇതുവരെ നടന്നിട്ടില്ല. സാധാരണ രണ്ടാം ഘട്ട സാധനങ്ങൾ എടുക്കേണ്ട സമയമാണിത്. എന്നാൽ, ആദ്യം കൊണ്ടുവന്ന സാധനങ്ങൾ പോലും വിറ്റുപോയിട്ടില്ല. ചില്ലറക്കച്ചവടക്കാർക്ക് നിർബന്ധിച്ച് സാധനങ്ങൾ നൽകുകയാണ് ഇപ്പോൾ"

രാജേന്ദ്ര കമ്മത്ത്,
*മൊത്തവ്യാപാരി*

### വിലയിങ്ങനെ (₹)

- ■ മാല: ........ 25-150
- ■ തോൾ സഞ്ചി: ........ 35-120
- ■ ചെറിയ സഞ്ചി: ........ 10
- ■ കറുപ്പുമുണ്ട്: ........ 150 മുതൽ
- ■ നെയ്യ്: ........ നൂറ് ഗ്രാം 60
- ■ തേങ്ങ: ........ കിലോ 35

### വിപണിക്ക് നഷ്ടം ₹10 കോടി

ശബരിമല മണ്ഡലകാല സീസൺ അനുബന്ധിച്ചുള്ള മാല, നെയ്യ്, തേങ്ങ, ഇരുമുടിക്കെട്ട്, തോർത്ത് മുണ്ട് എന്നിവയുടെ കച്ചവടത്തിൽ സംസ്ഥാനത്ത് പത്ത് കോടിയോളം രൂപയുടെ കുറവു വന്നിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. സീസൺ തുടങ്ങുന്ന ആദ്യ ആഴ്ചയിൽ 50,000 മുതൽ ആളുകളാണ് കേരളത്തിൽ നിന്ന് മലകയറുന്നത്. മാലയും പൂജാ സാധനങ്ങളും വസ്ത്രങ്ങളും ഇരുമുടിക്കെട്ടിനുള്ള സാമഗ്രികളും അടക്കം 1,500 മുതൽ 2,000 രൂപവരെ ശരാശരി ചെലവ് വരും.

## പ്രസവാനന്തര ഉന്മേഷം വീണ്ടെടുക്കാൻ ആയുർവേദം



മാള: പ്രസവാനന്തര ശുശ്രൂഷയ്ക്ക് മലയാളികളുടെ തനത് ചികിത്സാ രീതിയായ ആയുർവേദത്തിന് പ്രിയമേറുന്നു. ശരിയായ പരമ്പരാഗത രീതിയിൽ, ആയുർവേദത്തിന്റെ പ്രത്യേക ചികിത്സ നടത്തി ഉന്മേഷവും ഉണർവും വീണ്ടെടുക്കാനാകുമെന്നാണ് ഈ പ്രിയത്തിന്റെ കാരണം.

ശരിയായ ചിട്ടകളിലൂടെ പ്രസവാനന്തര ശുശ്രൂഷ ലഭിക്കുന്ന അമ്മയ്ക്കും കുഞ്ഞിനും കൂടിയ രോഗ പ്രതിരോധശേഷി ലഭിക്കുന്നതായി പഴമക്കാരുടെ ജീവിതവും ആരോഗ്യാവസ്ഥയും സാക്ഷ്യപ്പെടുത്തുന്നു.

പ്രസവശേഷം ഏഴ് മുതൽ 22 ദിവസം വരെ വരുന്ന ഉപചാരങ്ങളാണ് നൽകേണ്ടത്. ശരിയായ ആരോഗ്യ സംരക്ഷണ ശുശ്രൂഷകൾ ലഭിക്കാത്തവരിൽ സന്ധി വേദനയും വൈറ്റമിനുകളുടെ കുറവും കാണാറുണ്ട്. ത്വക് പ്രസാദകരമാക്കാനും അസ്ഥിസന്ധികളിലെ നീര്, വേദന തുടങ്ങിയവ മാറാൻ കുഴമ്പ് പുരട്ടി തിരുമ്മി കുളിപ്പിക്കലും കിഴിയും ആവശ്യമാണ്.

അസ്ഥിസന്ധി പ്രശ്നങ്ങൾ ഉള്ളവർ ലേപങ്ങൾ ഉപയോഗിക്കണം. പരമ്പരാഗതമായി ഉപയോഗിക്കുന്ന അജമാംസ രസായനം, തെങ്ങിൻ പൂക്കുല രസായനം തുടങ്ങിയവ ഉപയോഗിക്കുന്നതിന്റെ അളവും കാലവും ശരീര പ്രകൃതി അനുസരിച്ചായിരിക്കും.

അതോടൊപ്പം പോഷക സമൃദ്ധമായ ഔഷധക്കഞ്ഞി അടക്കമുള്ള ആഹാരങ്ങൾ മുലപ്പാൽ വർദ്ധിപ്പിക്കാനും കണ്ണിനും മുടിയ്ക്കും ഗുണം ചെയ്യുന്ന തരത്തിൽ ക്രമീകരിക്കേണ്ടതുണ്ട്. ആധുനിക കാലത്ത് ഇതെല്ലാം കൃത്യമായി ചെയ്താൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാം.

ഗർഭാശയവും യോനീഭാഗവും ചുരുങ്ങി നട്ടെല്ലിന് ബലവും വയറിന് ഒതുക്കവും ലഭിക്കുന്ന രീതിയിൽ ആയുർവേദ പരിചരണം ഏറ്റവും മികച്ച രീതിയിൽ 150 വർഷത്തെ ചികിത്സാ പാരമ്പര്യമുള്ള കെ.പി. പത്രോസ് വൈദ്യൻസ് കണ്ടംകുളത്തി വൈദ്യശാലയുടെ ആയുർവേദ ആശുപത്രികളിൽ ലഭ്യമാണ്. തിരുവനന്തപുരം, എറണാകുളം, വലിയപറമ്പ് എന്നിവിടങ്ങളിലെ ആശുപത്രികളിലും അതിരപ്പിള്ളിയിലെ റിസോർട്ടിലും പ്രസവാനന്തര ശുശ്രൂഷയ്ക്ക് ആധുനിക രീതിയിലുള്ള സൗകര്യമുണ്ട്. മുഴുവൻ സമയവും ഡോക്ടറുടെ മേൽനോട്ടത്തിൽ പ്രസവാനന്തര ശുശ്രൂഷ ലഭിക്കുന്ന ഈ ആശുപത്രികളിലെ ചികിത്സകൾ പാരമ്പര്യത്തിൽ നിന്ന് വ്യതിചലിക്കാത്തതാണ്.

തൃശ്ശൂരിലെ കുഴൂർ കേന്ദ്രമായുള്ള കെ.പി. പത്രോസ് വൈദ്യൻസ് കണ്ടംകുളത്തി വൈദ്യശാലയ്ക്ക് നേതൃത്വം നൽകുന്നത് മാനേജിംഗ് ഡയറക്ടർ കെ.പി. വിത്സനാണ്. മികച്ച ആയുർവേദ ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ വാഗ്ഭട അവാർഡ് ലഭിച്ച ചീഫ് ഫിസിഷ്യൻ ഡോ. റോസ്മേരി വിത്സന്റെ മേൽനോട്ടത്തിലാണ് ശുശ്രൂഷയും ചികിത്സയും. ഫോൺ: 9645917700



*മന്ത്രി ഇ.പി. ജയരാജൻ കിൻഫ്ര സന്ദർശിച്ചപ്പോൾ*

## മന്ത്രി ഇ.പി. ജയരാജൻ കിൻഫ്ര സന്ദർശിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് വ്യവസായ വികസനം ലക്ഷ്യമാക്കി നിക്ഷേപകരെ ആകർഷിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

തിരുവനന്തപുരത്ത് കിൻഫ്ര ഓഫീസ് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ വികസനത്തിനാവശ്യമായ ഭൂമി കണ്ടെത്തി കുറഞ്ഞ വിലയിൽ നിക്ഷേപകർക്ക് സ്ഥലം ലഭ്യമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

25 കൊല്ലമായി വളരെ നല്ല നിലയിലാണ് കിൻഫ്രയുടെ പ്രവർത്തനം. അത് കൂടുതൽ മെച്ചപ്പെടുത്തി തുടരണം. കിൻഫ്ര, കെബിപ്പ്, കെ.എസ്.ഐ.എ, സിഡ്കോ, വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് വേണ്ടി ഒരു ഇൻഡസ്ട്രിയൽ കെട്ടിട സമുച്ചയം സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയാണ്. കിൻഫ്രയിലെ ഉദ്യോഗസ്ഥരുമായി മന്ത്രി ആശയവിനിമയം നടത്തി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഇളങ്കോവൻ, വ്യവസായ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം. പ്രകാശൻ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ കെ‌എ. സന്തോഷ് കുമാർ, കിൻഫ്ര ജനറൽ മാനേജർമാരായ ഡോ. ടി. ഉണ്ണിക്കൃഷ്ണൻ, ജി. സുനിൽ എന്നിവർ പങ്കെടുത്തു.

| SCRIP | BSE | NSE |
|---|---|---|
| ABB | 1320.550 | 1322.900 |
| ACC | 1502.400 | 1501.400 |
| AMARAJA | 734.550 | 733.750 |
| ANDHARA BANK | 28.700 | 28.800 |
| APPOLOHOS | 1233.950 | 1233.500 |
| ARVINDMILL | 319.000 | 319.000 |
| ASHOKLEY | 105.700 | 105.550 |
| ASIANPNT | 1320.450 | 1321.300 |
| AXISBANK | 618.300 | 619.800 |
| BAJAJAUTO | 2696.800 | 2695.350 |
| BALAJITELE | 98.050 | 97.850 |
| BANKOFBARODA | 115.150 | 115.200 |
| BATAIND | 1002.850 | 1003.950 |
| BEML | 700.400 | 700.450 |
| BFLSOFT | 953.450 | 953.900 |
| BHARTI | 333.600 | 332.750 |
| BHARTI SHIPYARD | 3.250 | 3.150 |
| BIOCON | 624.350 | 624.950 |
| BOI | 88.150 | 88.150 |
| BOMBDYE | 116.000 | 116.000 |
| BPCL | 322.500 | 322.050 |
| BPL | 39.750 | 39.800 |
| BRITANNIA | 5946.450 | 5947.650 |
| BSES | 329.950 | 329.950 |
| CANARABANK | 263.200 | 263.700 |
| CEAT | 1252.800 | 1251.500 |
| CENTURY TEXT | 901.200 | 901.350 |
| CHENNAIPETRO | 266.850 | 266.900 |
| CIPLA | 530.900 | 530.600 |
| COLGATE | 1144.800 | 1147.600 |
| CORPBNK | 27.800 | 27.750 |
| CREATIVEYE | 2.700 | 0.000 |
| CROMPGREV | 36.000 | 36.000 |
| D-LINK | 91.550 | 92.400 |
| DABUR | 394.550 | 395.650 |
| DENABANK | 16.550 | 16.550 |
| DIVIS LAB | 1554.450 | 1558.700 |
| DRREDDY | 2470.850 | 2477.050 |
| DWARKESH SUGAR | 26.700 | 26.700 |
| EIHOTEL | 163.450 | 164.100 |
| ENGGINDIA | 115.000 | 115.300 |
| ESCORTS | 663.600 | 662.900 |
| Excel Infoways Ltd | 4.200 | 4.150 |
| FINLXCABLE | 486.900 | 488.200 |
| GAIL | 342.000 | 342.200 |
| GARDEN SILK | 20.850 | 20.600 |
| GESHIPP | 281.350 | 280.400 |
| GLAXO | 1337.800 | 1349.800 |
| GLENMARK | 647.600 | 646.950 |
| GLOBALTELE | 5.930 | 5.950 |
| Globus Spirits Ltd | 156.200 | 155.900 |
| GNFC | 358.900 | 359.550 |
| GODREJS | 723.850 | 723.400 |
| GRASIM | 833.100 | 831.900 |
| GUJAMBCEM | 216.800 | 217.250 |
| HCLINFO | 26.200 | 26.300 |
| HDFC | 1887.550 | 1889.000 |
| HDFCBNK | 1998.900 | 2004.300 |
| HEROHONDA | 2954.550 | 2961.900 |
| HINDALCO | 230.100 | 229.950 |
| HINDLEVER | 1690.750 | 1689.100 |
| HINDMOT | 8.000 | 8.000 |
| HINDUJAFUN | 407.500 | 410.500 |
| HMCHLFUT | 19.950 | 19.950 |
| HOTLLEELA | 11.900 | 11.850 |
| HPCL | 243.200 | 243.650 |
| HUGHSTELE | 4.070 | 4.100 |
| I-FLEX | 3566.000 | 3573.450 |
| ICICIBANK | 367.400 | 367.550 |
| IDBI | 60.900 | 60.900 |
| INDHOTEL | 135.650 | 135.700 |
| INDIACEM | 93.850 | 93.850 |
| INFOSYS | 650.450 | 650.850 |
| INFOTECH ENT | 654.150 | 654.750 |
| IOB | 15.000 | 15.000 |
| IOC | 143.400 | 143.350 |
| ITC | 276.250 | 276.550 |
| Jindal Cotex Ltd | 4.240 | 4.250 |
| KALECONSULT | 945.400 | 946.200 |
| KARUR VYSYA BANK | 82.250 | 82.450 |
| KOPRAN | 38.050 | 38.000 |
| KOTAKM | 1167.500 | 1168.600 |
| L&T | 1396.000 | 1399.050 |
| LICHSGFIN | 453.100 | 453.350 |
| LUPINCHEM | 863.450 | 864.700 |
| LYKALAB | 31.550 | 31.700 |
| M&M | 767.350 | 767.600 |
| MAHABANK | 13.660 | 13.600 |
| Mahindra Holidays | 219.400 | 217.150 |
| MARUTI | 7332.050 | 7341.200 |
| MAXIND | 420.400 | 420.500 |
| MCDOWEL | 647.450 | 647.100 |
| MELSTAR | 0.000 | 1.850 |
| MIDDAY | 15.400 | 15.000 |
| MRF | 65908.000 | 65754.950 |
| MROTECH | 45.600 | 44.000 |
| MTNL | 13.850 | 13.800 |
| MUKTAARTS | 43.150 | 42.000 |
| NAICHOLAS | 2341.500 | 2345.400 |
| NEYBELI | 81.350 | 81.200 |
| NHPC Ltd | 26.250 | 26.250 |
| NIIT | 80.750 | 80.850 |
| NTPC | 154.050 | 154.050 |
| OBC | 91.650 | 91.750 |
| Oil India Ltd (OIL) | 199.200 | 199.200 |
| ONGC | 156.550 | 156.350 |
| ONWARDTECI | 54.800 | 54.950 |
| ORCHIDCHEM | 5.530 | 5.500 |
| PANACEABIO | 157.050 | 157.950 |
| PENTSOFT | 0.320 | 0.000 |
| PETRONET | 215.150 | 216.000 |
| PFIZER | 2828.800 | 2835.900 |
| Pipavav Shipyard | 13.390 | 13.350 |
| PRYACEM | 151.300 | 152.150 |
| PTC | 80.900 | 81.050 |
| RAMCOSYS | 314.100 | 312.350 |
| RELCAP | 237.750 | 237.750 |
| RELIANCE | 1127.500 | 1127.400 |
| ROLTA | 13.870 | 13.900 |
| SAB | 6.190 | 5.950 |
| SAIL | 64.050 | 64.100 |
| SARIGAMA | 581.350 | 582.050 |
| SBI | 290.300 | 290.900 |
| SCI | 45.150 | 45.300 |
| SIEMENS | 978.500 | 981.450 |
| SKFBEAR | 1852.200 | 1853.900 |
| SMITHKLC | 7192.700 | 7196.450 |
| SSI | 3.730 | 3.750 |
| STROPTICAL | 356.650 | 356.900 |
| SUNPHARMA | 519.600 | 519.750 |
| SYNDIBANK | 35.550 | 35.600 |
| Tata Communications | 548.350 | 548.450 |
| TATACHEM | 695.350 | 695.850 |
| TATAELXSI | 963.450 | 962.550 |
| TATAPOWER | 76.650 | 76.800 |
| TATATEA | 222.000 | 221.800 |
| TCS | 1882.250 | 1886.600 |
| TELCO | 179.400 | 179.900 |
| THERMAX | 1001.800 | 999.900 |
| THMCOOK | 225.850 | 226.150 |
| TIPSINDIA | 62.000 | 61.900 |
| TISCO | 574.100 | 574.100 |
| TITANIND | 918.350 | 921.350 |
| TRIGYNTECH | 92.850 | 92.200 |
| UCOBANK | 19.300 | 19.400 |
| UNICHEMLAB | 213.650 | 214.100 |
| VESUVIUS | 1096.250 | 1102.950 |
| VOLTAS | 553.300 | 552.550 |
| WIPRO | 325.950 | 326.200 |
| ZEETELE | 443.950 | 443.600 |
| **KERALA BASED** | | |
| APOLLOTYRE | 226.600 | 226.250 |
| AVTNPL | 28.800 | 29.050 |
| Cochin minerals | 177.000 | 0.000 |
| COCHINSHIP | 381.500 | 382.800 |
| Dhan bank | 16.300 | 16.300 |
| Fact | 37.650 | 37.600 |
| FEDERALBNK | 79.800 | 79.900 |
| GEOJIT | 44.450 | 44.200 |
| Gtn textiles | 11.880 | 10.850 |
| HARMALA | 83.250 | 83.250 |
| INDITRADE | 46.250 | 0.000 |
| Kera ayu | 72.750 | 0.000 |
| Kitex | 109.850 | 110.050 |
| Kse ltd. | 2152.900 | 0.000 |
| Manapuram | 85.900 | 85.950 |
| Muthoot capital | 823.950 | 821.250 |
| Muthootfin | 460.400 | 460.900 |
| Nitta gelatin | 135.000 | 0.000 |
| Patspin india | 10.200 | 10.150 |
| RUBFILA INTL [BSE] | 46.800 | 0.000 |
| SIB | 14.540 | 14.550 |
| Sree sakthi paper | 6.750 | 0.000 |
| Vertex | 1.900 | 0.000 |
| Vguard | 195.900 | 195.550 |
| WONDERLA | 283.100 | 289.950 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 71.98 | 71.89 |
| യൂറോ | 81.53 | 81.47 |
| പൗണ്ട് | 92.26 | 92.15 |
| സ്വിസ് ഫ്രാങ്ക് | 71.43 | 71.33 |
| സിംഗപ്പൂർ ഡോളർ | 52.29 | 52.22 |
| ആസ്ട്രേലിയ ഡോളർ | 52.23 | 52.19 |
| കനേഡിയൻ | 54.67 | 54.58 |
| ബഹ്റിൻ ദിനാർ | 190.71 | |
| കുവൈറ്റ് ദിനാർ | 236.26 | |
| ഒമാനി റിയാൽ | 186.81 | |
| സൗദി റിയാൽ | 19.17 | |
| യു. എ. ഇ. ദിർഹം | 19.58 | |
| ഖത്തർ റിയാൽ | 19.75 | |

## കമ്പോളനിലവാരം

| | |
|---|---|
| **കൊച്ചി** | |
| വെളിച്ചെണ്ണ മില്ലിംഗ് | 14,200 |
| വെളിച്ചെണ്ണ | 13,200 |
| കൊപ്ര | 8845-8950 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2150 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 37,600 |
| കുരുമുളക് പുതിയത് | 36,100 |
| കുരുമുളക് ചേറ്റിയത് | 39,600 |
| ചുക്ക് മീഡിയം | 18,000-19000 |
| ചുക്ക് ബെസ്റ്റ് | 19,000-20,000 |
| മഞ്ഞൾ | 12,500 |
| സേലം-ഈറോഡ് | 9000-10,500 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 22,000-23,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 10,700-14,000 |
| ഉഴുന്ന് | 6700-7300 |
| ചെറുപയർ | 6800-7300 |
| കടല | 4700-5200 |
| മുതിര | 4500 |
| എള്ള് | 9500 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 220-240 |
| തൊണ്ടില്ലാത്തത് | 450-460 |
| ജാതിപത്രി | 600-750 |
| ഗ്രാമ്പൂ | 750 |
| പാംഓയിൽ | 6470 |
| **പൈനാപ്പിൾ** | |
| പച്ച | 18.00 |
| പഴം | 16.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,000 |
| ആർഎസ്എസ്-5 | 11,000-11,600 |
| ഒട്ടുപാൽ | 7800 |
| ലാറ്റക്സ് | 7900 |
| **കോട്ടയം** | |
| ആർ.എസ്.എസ്4 | 117.00 |
| ആർ.എസ്.എസ്5 | 112.00 |
| തരംതിരിക്കാത്തത് | 103.50 |
| | 104.00 |
| ഒട്ടുപാൽ | 72.50 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12100 |
| ആർ.എസ്.എസ്5 | 11600 |
| തരംതിരിക്കാത്തത് | 11100 |
| ഒട്ടുപാൽ | 8240 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10101 |
| ആർ.എസ്.എസ്2 | 9969 |
| ആർ.എസ്.എസ്3 | 9849 |
| ആർ.എസ്.എസ്4 | 9783 |
| ആർ.എസ്.എസ്5 | 9684 |
| **കോലാലമ്പൂർ** | |
| (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | -- |
| 60% ലാറ്റക്സ് | -- |
| വെളിച്ചെണ്ണ | 170.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 128.00 |
| **കണ്ണൂർ** | |
| കൊപ്രക്വിന്റൽ | 8300 |
| വെളിച്ചെണ്ണ | |
| ടിൻ | 2440 |
| കിലോ | 166 |
| ലിറ്റർ | 156 |
| പിണ്ണാക്ക്ക്വിന്റൽ | 2300 |
| തേങ്ങക്വിന്റൽ | 2600 |
| **ആലപ്പുഴ** | |
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |
| **തൃശ്ശൂർ** | |
| വെളിച്ചെണ്ണ (മില്ലിംഗ്) | 13600 |
| തയ്യാർ | 12600 |
| കൊപ്ര | 8670 |
| തേങ്ങപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 2950 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3100 |
| സ്വർണ്ണം | 2890 |
| വെള്ളി | 430 |
| **അടയ്ക്ക** | |
| **കൊക്കാല** | |
| പഴയത് | 4000-5000 |
| രണ്ടാംതരം | 1000-2000 |
| **അമല** | |
| പുതിയത് | 4600- 5215 |
| പഴയത് | 4600-4950 |
| രണ്ടാംതരം | 3000-3500 |
| **പഴഞ്ഞി** | |
| പഴയത് | 4500-4900 |
| രണ്ടാംതരം | 2500-3000 |
| **നെടുമങ്ങാട്** | |
| റബർ | 107 (കി.ഗ്രാം) |
| ഓട്ടുപാൽ | 65(") |
| കൊട്ടപ്പാക്ക് | 200 (") |
| വരവുമേനി | 150(") |
| കുരുമുളക് | 350(") |
| കുരുമുളക് (പച്ച) | 90 (") |
| ജാതിക്ക | 180 (") |
| പരിപ്പ് | 380 (") |
| ജാതിപത്രി | 600 (") |
| തേങ്ങ | 34 (") |
| കൊക്കോ | 10 (") |
| കാപ്പി | 100 (") |
| ഗ്രാമ്പ് | 500 (") |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 23,120 |
| ഒരുഗ്രാം | 2890 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ശാസ്ത്രകൗമുദി

### കഴുത്തിന്റെ ആരോഗ്യത്തിന്



ഇക്കാലത്ത് കഴുത്ത് വേദനയെക്കുറിച്ച് പറയാത്തവർ ചുരുക്കമാണ്. പ്രശ്നം ശരീരത്തിന്റേത് മാത്രമായിരിക്കില്ല, അനാരോഗ്യകരമായ ശീലങ്ങളുടേതും ആയിരിക്കും. കമ്പ്യൂട്ടറിന്റെ അമിതമായ ഉപയോഗം കഴുത്തിന്റെ ആരോഗ്യത്തിന് ദോഷം ചെയ്യും. ദീർഘനേരം കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർ കണ്ണുകൾ സ്ക്രീനിന് നേരേ വരത്തക്കവിധം കസേരയുടെ ഉയരമോ മോണിറ്ററോ ക്രമീകരിക്കണം. നിവർന്നിരിക്കാൻ ശീലിക്കുക. കുനിഞ്ഞിരുന്ന് വായിക്കരുത്.

ദീർഘനേരം ജോലിചെയ്യേണ്ടിവരുമ്പോൾ ഇടയ്ക്കിടക്ക് എഴുന്നേറ്റ് നടക്കുക. തെറ്റായ രീതിയിൽ തലയിണ ഉപയോഗിക്കരുത്. ഉയരം കൂടിയ തലയിണ ഉപയോഗിക്കുന്നത് ഒഴിവാക്കുക. പരമാവധി തലയിണ ഒഴിവാക്കി ഉറങ്ങാൻ ശീലിക്കുക. കഴുത്തിനും തോളിനുമിടയിൽ മൊബൈൽ ഫോൺ വച്ച് ചരിഞ്ഞിരുന്ന് ദീർഘനേരം സംസാരിക്കുന്നത് വീട്ടമ്മമാരുടെയും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ബൈക്കിൽ യാത്ര ചെയ്യുന്നവരുടെയും ശീലമാണ്. കഴുത്തിന്റെ ആരോഗ്യത്തിന് ഏറ്റവും ഹാനികരമായ ശീലമാണിത്. അപകടം, അസ്ഥി തേയ്മാനം തുടങ്ങിയ കാരണങ്ങൾ കൊണ്ടും കഴുത്ത് വേദന ഉണ്ടായേക്കാം. അതിനാൽ വേദന അവഗണിക്കാതെ ഡോക്ടറെ കാണണം.

### കൗമുദി ടിവി

Kaumudy

- 6.00 ഡിവോഷണൽ സോംഗ്
- 6.26 am, pm ദൈവദശകം
- 7.00 ജീസസ് ഈസ് എലൈവ്
- 7.30 പ്രണവം
- 8.00 സ്വയംവരം
- 8.30 ന്യൂസ്ട്രാക്ക്
- 9.00 സീക്രട്ട് ഫയൽസ്
- 10.00 ജി.ഐ.ടി.ഡി
- 10.35 സ്നേക്ക് മാസ്റ്റർ
- 12.35 താരപ്പകിട്ട്
- 1.35 സ്ട്രെയ്റ്റ് ലൈൻ
- 2.35 ഹരിതം സുന്ദരം
- 3.00 കേരളാ ലോട്ടറി-ഫലം
- 4.35 സ്ട്രെയ്റ്റ് ലൈൻ
- 5.35 പുതിയ പാട്ട്
- 6.35 സാൾട്ട് ആൻഡ് പെപ്പർ
- 7.00 കൊച്ചാപ്പി ടവർ
- 7.35 ഹാസ്യരസം
- 8.00 സ്വയംവരം
- 9.00 ഡ്രീം ഡ്രൈവ്
- 9.35 ശാന്തിഗിരി
- 10.00 സീക്രട്ട് ഫയൽസ്




**ഡിഡി മലയാളം**

- 7.00 കൃഷിദർശൻ
- 8.30 സാഹിത്യ സല്ലാപം

**ഡിഡി കേരളം**

- 11.30 കൃഷിദർശൻ
- 2.00 മാജിക്കൽ ഫിങ്കേഴ്സ്
- 8.30 ചാറ്റ്ഷോ
- 10.30 ചായക്കൂട്ട്
- 11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**

- 7.00 യു.എസ് വീക്കിലി റൗണ്ടപ്പ്
- 8.00 നീലക്കുയിൽ
- 12.30 സെൽമിദി ആൻസർ
- 3.30 സിനിമാ ഡയറി

**ന്യൂസ്**

- 8.00 ന്യൂസ്
- 8.30 ചുറ്റുവട്ടം
- 12.30 ലോകജാലകം
- 2.30 ഡോ. ലൈവ്
- 3.00 വാർത്തയ്ക്കപ്പുറം

**ഏഷ്യാനെറ്റ് പ്ലസ്**

- 7.00 ഷാപ്പിലെ കറിയും നാവിലെ രുചിയും
- 7.30 ലേബർ റൂം
- 11.00 മറുനാടും മലനാടും

**ANIMAL PLANET**

- 07:00am Animal cribs
- 9.00 Animal cribs
- 10.00 Tree House Masters
- 11.00 Tree House Masters
- 2:00 Pit bulls and parolees
- 4:00 Pit bulls and parolees
- 7:00 Pit bulls and parolees
- 10:00 Amanda to the rescue

### സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 പാഥേയം 4.00 ലോഹം

**ഏഷ്യാനെറ്റ് മൂവീസ് :** 9.30 മാന്നാർ മത്തായി സ്പീക്കിംഗ് 12.00 പുള്ളിപ്പുലിയും ആട്ടിൻകുട്ടിയും 2.30 കളി

**ഏഷ്യാനെറ്റ് :** 9.00 ഉസ്താദ് ഹോട്ടൽ 4.00 ലോഹം

**ഏഷ്യാനെറ്റ് പ്ലസ് :** 9.30 അനുഭൂതി 1.00 ഇടനിലങ്ങൾ 4.00 മുത്താരംകുന്ന് പി.ഒ 7.00 മെമ്മറീസ്

**എസിവി:** 9.00 മനസിനക്കരെ 2.00 ചക്കരയുമ്മ 9. 30 നയം വ്യക്തമാക്കുന്നു

**റോസ്ബൗൾ :** 10.00 യെസ് ബോസ്

**ജൂക്ക്ബോക്സ്:** 6.30 ഗോഡ്ഫാദർ

**കൈരളി:** 9.00 പികെ 12.00 സിങ്കം ടു 5.00 പ്രേമം

**വി :** 12.30 24 അവേഴ്സ് 8.00 വീരപുത്രൻ

**സൂര്യ :** 9.00 ചാർളി 2.30 പോക്കിരി

**അമൃത:** 1.30 പെരുച്ചാഴി

### നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 നവംബർ 17 ശനി )

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)* ബാഹ്യപ്രേരണകൾ ഒഴിവാക്കും. വിദഗ്ദ്ധ നിർദ്ദേശം സ്വീകരിക്കും. കുറ്റവിമുക്തനാകും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)* കാര്യങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധ വർദ്ധിക്കും. പ്രായമുള്ളവരുടെ വാക്കുകൾ അനുസരിക്കും. ആത്മാഭിമാനം വർദ്ധിക്കും.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)* വ്യവസായം നവീകരിക്കും. നിർദ്ദേശങ്ങൾ അനുസരിക്കും. പ്രശ്നങ്ങൾക്ക് പരിഹാരം.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)* യുക്തിപരമായ സമീപനം. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കും. സമാനമനസ്കരുമായി സൗഹൃദം.

**ചിങ്ങം:** *(മകം, പൂരം, ഉത്രം കാൽഭാഗം)* വിദ്യാവിജയം. ബന്ധുമിത്രാദികളെ കണ്ടുമുട്ടും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

**കന്നി:** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)* സംശയാസ്പദമായ സാഹചര്യം ഒഴിവാക്കും. സാമ്പത്തിക കാര്യത്തിൽ ശ്രദ്ധ. അവസരങ്ങൾ പ്രയോജനപ്പെടുത്തും.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)* ആഹോരാത്രം പ്രവർത്തിക്കേണ്ടിവരും. സേവന മനഃസ്ഥിതി. വഞ്ചനയിൽ അകപ്പെടാതെ ശ്രദ്ധിക്കുക.

**വൃശ്ചികം:** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)* ജീവിത യാഥാർത്ഥ്യങ്ങൾ മനസിലാക്കും. പ്രവർത്തന പുരോഗതി. ഉന്നത സ്ഥിതിയുണ്ടാകും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക) ആത്മാഭിമാനം വർദ്ധിക്കും. വിമർശനങ്ങളെ അതിജീവിക്കും. ലക്ഷ്യബോധം ഉണ്ടാകും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).* സമചിത്തത കൈവരിക്കും. ആത്മവിശ്വാസം നേടും. പുതിയ അവസരങ്ങൾ.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)* കർമ്മപദ്ധതികൾ തുടങ്ങും. നിർണായക വിഷയങ്ങൾ കൈകാര്യം ചെയ്യും. സ്വദേശത്തേക്ക് മടങ്ങും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).* ആത്മാർത്ഥമായി പ്രവർത്തനം. അധികൃതരുടെ പ്രീതി നേടും. പ്രത്യേകവിഭാഗത്തിന്റെ ചുമതല.

- ഗോപകുമാർ ശർമ്മ